LIBRARY ARCHIVES Kerala Legislative Assembly

കടലുണ്ടിക്കടവ് ഭാഗത്ത് പുലിമുട്ട് നിർമ്മാണം

126 [1065] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടിക്കടവ് ഭാഗത്ത് കടൽക്ഷോഭം രൂക്ഷമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കടൽക്ഷോഭം പ്രതിരോധിക്കാൻ പുലിമുട്ടുകൾ നിർമ്മിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) തദ്ദേശവാസികളുടെ സംരക്ഷണവും നിർമ്മാണത്തിരിക്കുന്ന കടലുണ്ടിക്കടവ് പാലത്തിന്റെ സുരക്ഷിതത്വവും കണക്കിലെടുത്ത് ഈ ആവശ്യം ഗൗരവമായി പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കടലാക്രമണ ഭീഷണി തടയുന്നതിനായി കടലുണ്ടി അഴിമുഖം മുതൽ വടക്കോട്ട് 400 മീറ്റർ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി നടത്തേണ്ടതുണ്ട്. ഇതിന് ഏകദേശം 45 ലക്ഷം രൂപ ആവശ്യമാണ്. പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) & (ഡി) പുലിമുട്ട് നിർമ്മാണത്തെക്കുറിച്ചുള്ള ആവശ്യം പരിശോധിച്ചിട്ടില്ല.

പുനൂർ പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിന് നടപടി

127 [1066] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ കുമ്മങ്ങോട്ട് മുതൽ പടനിലം പാലം വരെ പുനൂർ പുഴയുടെ തീരം കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ കുമ്മങ്ങോട്ടുനിന്ന് 62.5 മീറ്റർ നിളത്തിൽ 5 ലക്ഷം രൂപ ചെലവിൽ പടനിലം പാലത്തിന് മുകൾഭാഗം പുനൂർ പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തി മഴ കഴിഞ്ഞാൽ ആരംഭിക്കുന്നതാണ്.

കുറ്റ്യാടി ജലസംഭരണിയിൽനിന്നുള്ള മണൽ വാരൽ

128 [1067] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ജലസംഭരണി സ്ഥിതി ചെയ്യുന്ന കരിയാത്തൻപാറ-കക്കയം ഭാഗത്തുനിന്നും വൻതോതിൽ മണൽ വാരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം മണൽ എടുക്കുന്നത് നിയമാനുസൃതമാണോ;

(സി) തുരുത്തുകളും കരപ്രദേശവും കുഴിച്ച് മണലെടുക്കുന്നത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നും അതുവഴി കുടിവെള്ളത്തിന്റെ ലഭ്യതയെ ബാധിക്കുമെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ മണൽക്കൊള്ള തടയാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃതമായി മണൽ എടുക്കുന്നത് നിയമാനുസൃതമല്ല. മുൻകൂട്ടി കരാർ വച്ചിട്ടുള്ളതുപ്രകാരം ലേലനിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി മണൽ വാരുന്നതിൽ നിയമപരമായി അനുമതിയുള്ളൂ.

(സി) ഉണ്ട്.

(ഡി) ലേലനിബന്ധനകൾക്കു വിരുദ്ധമായി കരിയാത്തൻപാറയിൽനിന്നും 21-6-2005-ന് മണൽ എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ അത് തടയുകയും അവിടെനിന്നു മണൽ എടുക്കുന്നത് നിർത്തിവയ്പിക്കുകയും ചെയ്തു. അന്നുതന്നെ ബന്ധപ്പെട്ട കരാറുകാരന് നോട്ടീസ് നൽകി. അനധികൃതമായി എടുത്തുകൊണ്ടുപോയ മണലിന്റെ വിലയും പിഴയുമടക്കമുള്ള 45,666 രൂപ ലേലക്കാരനിൽനിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പ്രദേശത്തുനിന്ന് അധിക മണൽ നീക്കം ചെയ്യുന്നതിനുള്ള ലേലകാലാവധിയായ 31-8-2005-നകം യാതൊരു കാരണവശാലും ഇനി മണലെടുക്കാൻ കരാറുകാരനെ അനുവദിക്കുന്നതുമല്ല.

LIBRARY ARCHIVES Kerala Legislative Assembly